File No.TCPCTP/1365/2022-A6

***Registered with AD***

"ഭരണഭാഷ – മാതൃഭാഷ"

<u>**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം,**</u>
<u>**തിരുവനന്തപുരം**</u>

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- ജീവനക്കാര്യം – ശ്രീ.അനിൽകുമാർ.വി , ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ച്മാൻ രണ്ടാം സമയബന്ധിത ഹയർഗ്രേഡ് (15 വർഷം) അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : -

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 01.02.2007- ലെ എ 5/1989/2005 നമ്പർ ഉത്തരവ്
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 18/08/2015- *ലെ* എ 1/5932/15/കെഡിസ് നമ്പർ ഉത്തരവ്
3. കൊല്ലം ടൗൺ പ്ലാനറുടെ 18.05.2022- ലെ TCPKLM/257/2022-A നമ്പർ കത്ത്.
4. ജി.ഒ.(പി)നം.27/2021/ധന തീയതി: 10/02/2021

---

എസ്റ്റാബ്ലിഷ് മെന്റ് സെക്ഷൻ

ഉത്തരവ് നം. TCPCTP/1395/2022-A6 തിയതി : 10/06/2022

---

<u>**ഉത്തരവ്**</u>

ശ്രീ.അനിൽകുമാർ.വി. പരാമർശം (1) പ്രകാരം കൊല്ലം ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ 08/02/2007 പൂർവ്വാഹ്നം പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടി തസ്തികയിൽ എട്ട് വർഷത്തെ തുടർച്ചയായ സേവനത്തിനു ടിയാൾക്ക് 08/02/2015 പൂർവ്വാഹ്നം മുതൽ ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 07/02/2022 അപരാഹ്നത്തിൽ ടിയാൻ 15 വർഷത്തെ സേവനം ടി തസ്തികയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ടിയാൻ ഗ്രേഡിനെ ബാധിക്കുന്ന അവധികളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല. പരാമർശം(4) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന് 08/02/2022 പൂർവ്വാഹ്നം മുതൽ ₹ 24400-55200/- രൂപ ശമ്പള സ്കെയിലിൽ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയുണ്ട്. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനായി ടിയാൻ നിശ്ചിത മാതൃകയിലുള്ള ഓപ്ഷൻ ഡിക്ലറേഷൻ എന്നിവ സമർപ്പിച്ചിട്ടുമുണ്ട്

ഈ സാഹചര്യത്തിൽ കൊല്ലം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ വാച്ച്മാൻ ആയ ശ്രീ.അനിൽകുമാർ.വി (ഹ.ഗ്രേ)- ന് 08/02/2022

File No.TCPCTP/1365/2022-A6

പൂർവ്വാഹ്നം പ്രാബല്യത്തിൽ 15 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയതിനുള്ള രണ്ടാം സമയ ബന്ധിത ഹയർഗ്രേഡ് ₹ 24400-55200/- രൂപ ശമ്പള സ്കെയിലിൽ (revised) പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

Signature valid
Digitally signed by ASEEM A
Date: 2022.0[illegible] 12:12:13 IST
Reason: Approved

അസീം.എ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ.അനിൽകുമാർ.വി, ഓഫീസ് അറ്റൻഡന്റ് /ചെയിൻമാൻ/വാച്ചുമാൻ
കൊല്ലം ജില്ലാനഗരാസൂത്രകന്റെ കാര്യാലയം (മേലധികാരി മുഖേന)

പകർപ്പ് :- 1. നഗരാസൂത്രകൻ, കൊല്ലം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം(സേവനപുസ്തകം ഉള്ളടക്കം ചെയ്യുന്നു)
2. സേവനപുസ്തകം
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം